# The Malankara Orthodox Syrian Church

**Mar Geevarghese Coorilos**
Metropolitan, Diocese of Bombay

BOMBAY ORTHODOX CHURCH CENTRE
DR. MAR THEOPHILUS MARG,
SECTOR 10-A, VASHI
NAVI MUMBAI 400 703, INDIA.

TEL.: +91 22 2780 1427
FAX : +91 22 2765 0876
MOB: +91 9820333379
EMAIL : bombayaramana@gmail.com

**No. 03/2025**

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ബോംബെ ഭദ്രാസനത്തിലെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളി കൈക്കാരന്മാരും, ശേഷം ജനങ്ങളും വിശേഷാൽ മർത്തമറിയം സമാജാംഗങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ,

നിങ്ങളുടെ ക്ഷേമം അന്വേഷിച്ചുകൊണ്ടും ഏവരേയും കർത്ത്യസന്നിധിയിൽ സമർപ്പിച്ചുകൊണ്ടും സമാജത്തിൻെറ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നതിലുള്ള സന്തോഷം ഏവരേയും അറിയിക്കുന്നു. നമ്മുടെ ഭദ്രാസനത്തിലെ മർത്തമറിയം വനിതാ സമാജത്തിൻെറ വാർഷികയോഗം 2025 ഫെബ്രുവരി 8-ാം തീയതി (ശനിയാഴ്ച) Pune St. Mary's Orthodox ദേവാലയത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

8-ാം തീയതി രാവിലെ 9 മണിയ്ക്ക് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനത്തിൽ നാഗ്പൂർ സെൻറ് തോമസ് ഓർത്തഡോക്സ് വൈദീക സെമിനാരി അദ്ധ്യാപകൻ ബഹു. ഫാ. യൂഹാനോൻ ജോൺ (ജോമോൻ അച്ചൻ) മുഖ്യപ്രഭാഷണം നടത്തുന്നതാണ്. "മുറിവേറ്റ സൗഖ്യദായകനും വീണ്ടെടുപ്പുകാരനുമായ ക്രിസ്തു" (Christ, the Wounded Healer and the Redeemer) St. John 3:16 എന്നുള്ളതാണ് ഈ സമ്മേളനത്തിൻെറ മുഖ്യചിന്താവിഷയം. രജിസ്ട്രേഷൻ ഫീസ് 200/-രൂപയായിരിക്കും. മൂല്യച്യുതിയും, ആത്മീക ദാരിദ്രവും, ബന്ധങ്ങളിൽ ഉള്ള വിടവും, വിശുദ്ധിയിൽ ഉള്ള പട്ടിണിയും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ആത്മശരീരമനസ്സുകളുടെ ദൈവീകസമർപ്പണത്തിലൂടെയുള്ള പങ്കാളിത്വം ഉറപ്പ് വരുത്തുന്നതിൻെറ പ്രാധാന്യം നാം അടിവരയിട്ട് ഓർമ്മിപ്പിക്കുന്നു. സമ്മേളനത്തിൽ കഴിവുള്ളടത്തോളം വൈദികരും എല്ലാ സമാജാംഗങ്ങളും പ്രാർത്ഥനാപൂർവ്വം ഒരുക്കത്തോട് വന്നു സംബന്ധിച്ചു അനുഗ്രഹപ്രദമാക്കണമെന്നു സ്നേഹപൂർവ്വം നാം ആഹ്വാനം ചെയ്യുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ

+Geevarghese Coorilos

വാഷി അരമന

17-01-2025

ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത

President : Malankara Orthodox Church Council of Bombay
The Gregorian Community
Fellowship of Bishops in Bombay
Vice President : St. Thomas Orthodox Theological Seminary, Nagpur
M G O C S M

Sponsorship Committee (Medical & Paramedical)
Parimala Mar Gregorios Charitable Trust, Thalacode.
Bombay Orthodox Diocesan Council
Mission Board (outside Kerala)